# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## പൂക്കോട്ടുകാവ് ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2019-2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്-678001

ഇ-മെയിൽ: dopkd.ksad@kerala.gov.in

ഫോൺ : 0491-2520145

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.പി.കെ.ഡി . 12/1638/21

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്-678001
തീയ്യതി: 29/01/2022
ഇ-മെയിൽ: dopkd.ksad@kerala.gov.in
ഫോൺ: 0491-2520145

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
പൂക്കോട്ടുകാവ് ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : പൂക്കോട്ടുകാവ് ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പൂക്കോട്ടുകാവ് ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്- പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്- പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പാലക്കാട്.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.പി.കെ.ഡി . 12/1638/21 തീയ്യതി: 29/01/2022

## പാലക്കാട് ജില്ലയിലെ പൂക്കോട്ടുകാവ് ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

പാലക്കാട് ജില്ലയിലെ പൂക്കോട്ടുകാവ് ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 08-02-2020 മുതൽ 06-11-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 13 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 10 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ. എൻ. സതീശൻ | ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ) | 08-11-2021 | 23-11-2021 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 08-11-2021 | 23-11-2021 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ. യൂ. ബിജു ആന്റണി, ഓഡിറ്റ് ഓഫീസർ
ശ്രീ. കെ.സി.ഹരിഗോബിന്ദ്, അസി. ഓഡിറ്റ് ഓഫീസർ
ശ്രീ. കെ.പി രാമകൃഷ്ണൻ, അസി. ഓഡിറ്റ് ഓഫീസർ
ശ്രീമതി. സി.എസ്.അനില, സീനി.ഗ്രേഡ് ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ. കെ. ജയദേവൻ | പ്രസിഡന്റ് | 01-04-2019 | 31-03-2020 |
| ശ്രീ.പി. ആഷിഫ്. | സെക്രട്ടറി-ഇൻ-ചാർജ്ജ് | 01-04-2019 | 24-04-2019 |
| ശ്രീ. ഇ. ഹരിദാസൻ | സെക്രട്ടറി | 25-04-2019 | 04-08-2019 |
| ശ്രീ.പി. ആഷിഫ്. | സെക്രട്ടറി-ഇൻ-ചാർജ്ജ് | 05-08-2019 | 04-09-2019 |
| ശ്രീ. ഇ. ഹരിദാസൻ | സെക്രട്ടറി | 05-09-2019 | 23-02-2020 |
| ശ്രീ.പി. ആഷിഫ്. | സെക്രട്ടറി-ഇൻ-ചാർജ്ജ് | 24-02-2020 | 31-03-2020 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ. കെ.പി.ബാലകൃഷ്ണൻ | അസി.എഞ്ചിനീയർ | 01-04-2019 | 17-07-2019 |
| ശ്രീമതി. റസീന | അസി.എഞ്ചിനീയർ | 18-07-2019 | 30-11-2019 |
| ശ്രീ. എം. ആർ. കർണൻ | അസി.എഞ്ചിനീയർ | 01-12-2019 | 31-03-2020 |
| ശ്രീ.പി. ആഷിഫ്. | അസി. സെക്രട്ടറി | 01-04-2019 | 31-03-2020 |
| ശ്രീമതി. സി.പി.ജലജ | ഹെഡ് മാസ്റ്റർ | 01-04-2019 | 31-03-2020 |
| ശ്രീമതി. കെ. ഹൈറുന്നീസ . | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 01-04-2019 | 30-09-2019 |
| ശ്രീമതി. എം. നസീമ | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 01-10-2019 | 31-03-2020 |
| ഡോ. കെ. രേഷ്മ | വെറ്റിനറി സർജൻ | 01-04-2019 | 31-03-2020 |
| ഡോ. ഗിരിജ സജീവ് | മെഡിക്കൽ ഓഫീസർ (അലോപ്പതി) | 01-04-2019 | 31-03-2020 |
| ഡോ. അനിജ. എസ്. | മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) | 01-04-2019 | 31-03-2020 |
| ശ്രീമതി. നീതു ചന്ദ്രൻ | കൃഷി ഓഫീസർ | 01-04-2019 | 11-06-2019 |
| ശ്രീമതി. എസ്. അനുഷ | കൃഷി ഓഫീസർ | 12-06-2019 | 30-11-2019 |
| ശ്രീമതി. പി. സുനിത | കൃഷി ഓഫീസർ | 01-12-2019 | 24-01-2020 |
| ശ്രീ. അരുൺ ജോസഫ് | കൃഷി ഓഫീസർ | 25-01-2020 | 31-03-2020 |
| ശ്രീ. പരമേശ്വരൻ | വി.ഇ.ഓ | 01-04-2019 | 31-03-2020 |

| | | | |
|---|---|---|---|
| ശ്രീ. അനീഷ്. നാരായണൻ | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2019 | 31-03-2020 |

-

## ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് നടപടിക്രമങ്ങൾ.<br>Written By: K.C.Harigobind (Senior Grade Auditor, On 22-11-2021)<br>Last Updated By: Haseena KU (Computer Assistant, On 27-01-2022) | 1-1 |
| 2 | ബജറ്റ് നടപടിക്രമങ്ങൾ പൂർണ്ണമായി പാലിച്ചിട്ടില്ല.<br>Written By: K.C.Harigobind (Senior Grade Auditor, On 22-11-2021)<br>Last Updated By: Haseena KU (Computer Assistant, On 29-01-2022) | 1-1-2 |
| 3 | റിവൈസഡ് ബജറ്റ്<br>Written By: K.C.Harigobind (Senior Grade Auditor, On 22-11-2021)<br>Last Updated By: Haseena KU (Computer Assistant, On 29-01-2022) | 1-1-3 |
| 4 | വാർഷിക ധനകാര്യ പത്രിക സമർപ്പിച്ചതിന്റെ വിവരം<br>Written By: K.C.Harigobind (Senior Grade Auditor, On 11-11-2021)<br>Last Updated By: Haseena KU (Computer Assistant, On 29-01-2022) | 1-2 |
| 5 | വാർഷിക ധനകാര്യപത്രികയിലെ അപാകതകൾ.<br>Written By: K.C.Harigobind (Senior Grade Auditor, On 21-11-2021)<br>Last Updated By: Haseena KU (Computer Assistant, On 29-01-2022) | 1-2-1 |
| 6 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)<br>Written By: K.C.Harigobind (Senior Grade Auditor, On 11-11-2021)<br>Last Updated By: Haseena KU (Computer Assistant, On 27-01-2022) | 1-3 |
| 7 | ഫണ്ട് വിനിയോഗം<br>Written By: K.C.Harigobind (Senior Grade Auditor, On 11-11-2021)<br>Last Updated By: Haseena KU (Computer Assistant, On 29-01-2022) | 1-4 |
| 8 | പദ്ധതി അവലോകനം<br>Written By: K.C.Harigobind (Senior Grade Auditor, On 11-11-2021)<br>Last Updated By: Haseena KU (Computer Assistant, On 29-01-2022) | 1-5 |
| 9 | തൊഴിലുറപ്പ് പദ്ധതി<br>Written By: K.P.Ramakrishnan (Asst. Audit Officer, On 09-11-2021)<br>Last Updated By: Haseena KU (Computer Assistant, On 29-01-2022) | 1-6 |
| 10 | ക്ഷേമ പദ്ധതികൾ<br>Written By: K.C.Harigobind (Senior Grade Auditor, On 11-11-2021)<br>Last Updated By: Haseena KU (Computer Assistant, On 29-01-2022) | 1-7 |
| 11 | ക്യാഷ് പരിശോധന<br>Written By: C.S.Anila (Senior Grade Auditor, On 14-11-2021)<br>Last Updated By: Haseena KU (Computer Assistant, On 27-01-2022) | 1-8 |
| 12 | അഭ്യന്തര നിയന്ത്രണ സംവിധാനം.<br>Written By: K.C.Harigobind (Senior Grade Auditor, On 21-11-2021)<br>Last Updated By: K.C.Harigobind (Senior Grade Auditor, On 21-11-2021) | 1-9 |
| 13 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: K.C.Harigobind (Senior Grade Auditor, On 11-11-2021)<br>Last Updated By: Haseena KU (Computer Assistant, On 29-01-2022) | 1-10 |
| 14 | കെട്ടിട നിർമ്മാണ പെർമിറ്റ് - ക്രമവത്ക്കരണ ഫീസ് കുറവായി ഈടാക്കി<br>Written By: C.S.Anila (Senior Grade Auditor, On 25-11-2021)<br>Last Updated By: Haseena KU (Computer Assistant, On 29-01-2022) | 1-11 |
| 15 | തൊഴിൽനികുതി പിരിവ് കാര്യക്ഷമമാക്കേണ്ടതാണ്<br>Written By: C.S.Anila (Senior Grade Auditor, On 23-11-2021)<br>Last Updated By: Haseena KU (Computer Assistant, On 29-01-2022) | 1-12 |
| 16 | തൊഴിൽനികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല<br>Written By: C.S.Anila (Senior Grade Auditor, On 23-11-2021)<br>Last Updated By: Haseena KU (Computer Assistant, On 27-01-2022) | 1-12 (1) |

| | | |
|---|---|---|
| 17 | സ്ഥാപന തൊഴിൽനികുതി ഈടാക്കിയിട്ടില്ല<br>Written By: C.S.Anila (Senior Grade Auditor, On 23-11-2021)<br>Last Updated By: Haseena KU (Computer Assistant, On 27-01-2022) | 1-12(2) |
| 18 | തൊഴിൽനികുതി കുറവായി ഈടാക്കി<br>Written By: C.S.Anila (Senior Grade Auditor, On 25-11-2021)<br>Last Updated By: Haseena KU (Computer Assistant, On 29-01-2022) | 1-12(3) |
| 19 | ക്ഷീരകർഷകർക്ക് ഇൻസെന്റീവ് - പദ്ധതി മാർഗ്ഗരേഖ പാലിക്കേണ്ടതാണ്<br>Written By: C.S.Anila (Senior Grade Auditor, On 23-11-2021)<br>Last Updated By: Haseena KU (Computer Assistant, On 29-01-2022) | 1-13 |
| 20 | പ്രത്യേക ഉദ്ദേശ ഗ്രാന്റുകൾ തനത് ഫണ്ടിൽ നിക്ഷേപിച്ചത് - ക്രമ പ്രകാരമല്ല.<br>Written By: K.C.Harigobind (Senior Grade Auditor, On 22-11-2021)<br>Last Updated By: Haseena KU (Computer Assistant, On 29-01-2022) | 1-14 |
| 21 | അനുപൂരക പോഷകാഹാരം-ടി.ഡി.എസ് ഈടാക്കിയിട്ടില്ല<br>Written By: K.P.Ramakrishnan (Asst. Audit Officer, On 22-11-2021)<br>Last Updated By: Haseena KU (Computer Assistant, On 27-01-2022) | 1-15 |
| 22 | തെരുവു നായ്ക്കളുടെ പ്രജനന നിയന്ത്രണ പദ്ധതി- വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല<br>Written By: K.P.Ramakrishnan (Asst. Audit Officer, On 22-11-2021)<br>Last Updated By: Haseena KU (Computer Assistant, On 29-01-2022) | 1-16 |
| 23 | ഗ്രാമ സഭ<br>Written By: K.C.Harigobind (Senior Grade Auditor, On 22-11-2021)<br>Last Updated By: Haseena KU (Computer Assistant, On 29-01-2022) | 1-17 |
| 24 | MGNREGS മെറ്റീരിയൽ പർച്ചേസ് -സപ്ലെയറിൽ നിന്ന് നികുതികൾ ഈടാക്കി അടവാക്കിയിട്ടില്ല.<br>Written By: K.P.Ramakrishnan (Asst. Audit Officer, On 22-11-2021)<br>Last Updated By: Haseena KU (Computer Assistant, On 29-01-2022) | 1-18 |
| 25 | ഗുണഭോക്താക്കൾക്ക് പൂർണ്ണമായി ആനുകൂല്യം നല്കിയിട്ടില്ല.<br>Written By: K.C.Harigobind (Senior Grade Auditor, On 22-11-2021)<br>Last Updated By: Haseena KU (Computer Assistant, On 29-01-2022) | 1-19 |
| 26 | നല്ല ഭൂമി മൂന്നാം ഘട്ടാം.<br>Written By: K.C.Harigobind (Senior Grade Auditor, On 22-11-2021)<br>Last Updated By: Haseena KU (Computer Assistant, On 29-01-2022) | 1-20 |
| 27 | കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ.<br>Written By: K.C.Harigobind (Senior Grade Auditor, On 22-11-2021)<br>Last Updated By: Haseena KU (Computer Assistant, On 29-01-2022) | 1-21 |
| 28 | നെൽവിത്തുകൾ വിതരണം ചെയ്തത് സംബന്ധിച്ച റജിസ്റ്റർ, രേഖകൾ സൂക്ഷിച്ചിട്ടില്ല.<br>Written By: Biju Antony (Audit Officer, On 23-11-2021)<br>Last Updated By: Haseena KU (Computer Assistant, On 29-01-2022) | 1-22 |
| 29 | ആദ്യ എസ്റ്റിമേറ്റിലെ ഒരിനം പോലും നിലനിർത്താതെ പുതുക്കിയഎസ്റ്റിമേറ്റ് നിർമിച്ചു.<br>Written By: Biju Antony (Audit Officer, On 23-11-2021)<br>Last Updated By: Haseena KU (Computer Assistant, On 29-01-2022) | 1-23 |
| 30 | നിശ്ചിത സമയപരിധിക്കുള്ളിൽ എഗ്രമെന്റ് വെച്ചിട്ടില്ല. നിയമാനുസൃത പിഴ ഈടാക്കണം.<br>Written By: Biju Antony (Audit Officer, On 22-11-2021)<br>Last Updated By: Haseena KU (Computer Assistant, On 29-01-2022) | 1-24 |
| 31 | പ്രവൃത്തികളുടെ പൂർത്തീകരണ കാലാവധി നീട്ടി നൽകിയിട്ടും പിഴ ഈടാക്കിയിട്ടില്ല.<br>Written By: Biju Antony (Audit Officer, On 22-11-2021) | 1-25 |

| | | |
|---|---|---|
| | Last Updated By: Haseena KU (Computer Assistant, On 29-01-2022) | |
| 32 | മാർഗ്ഗരേഖയിലെ നിബന്ധനകൾ പാലിച്ചിട്ടില്ല<br>Written By: K.C.Harigobind (Senior Grade Auditor, On 23-11-2021)<br>Last Updated By: Haseena KU (Computer Assistant, On 29-01-2022) | 1-26 |
| | ഭാഗം **2** | |
| 1 | തൊഴിൽനികുതി കുറവായി ഈടാക്കി<br>Written By: C.S.Anila (Senior Grade Auditor, On 25-11-2021)<br>Last Updated By: Haseena KU (Computer Assistant, On 29-01-2022) | 2-1 |
| | ഭാഗം **3** | |
| | --- No Records Found --- | |
| | ഭാഗം **4** | |
| 1 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം.<br>Written By: K.C.Harigobind (Senior Grade Auditor, On 16-11-2021)<br>Last Updated By: K.C.Harigobind (Senior Grade Auditor, On 16-11-2021) | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: K.C.Harigobind (Senior Grade Auditor, On 16-11-2021)<br>Last Updated By: Haseena KU (Computer Assistant, On 29-01-2022) | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: K.C.Harigobind (Senior Grade Auditor, On 16-11-2021)<br>Last Updated By: Haseena KU (Computer Assistant, On 29-01-2022) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: K.C.Harigobind (Senior Grade Auditor, On 16-11-2021)<br>Last Updated By: K.C.Harigobind (Senior Grade Auditor, On 16-11-2021) | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ്<br>Written By: K.C.Harigobind (Senior Grade Auditor, On 16-11-2021)<br>Last Updated By: Haseena KU (Computer Assistant, On 29-01-2022) | 4-5 |
| 6 | സ്ഥിര നിക്ഷേപം<br>Written By: K.C.Harigobind (Senior Grade Auditor, On 16-11-2021)<br>Last Updated By: K.C.Harigobind (Senior Grade Auditor, On 16-11-2021) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Biju Antony (Audit Officer, On 18-11-2021)<br>Last Updated By: Haseena KU (Computer Assistant, On 29-01-2022) | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട്<br>Written By: Biju Antony (Audit Officer, On 17-11-2021)<br>Last Updated By: Haseena KU (Computer Assistant, On 29-01-2022) | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം<br>Written By: Biju Antony (Audit Officer, On 17-11-2021)<br>Last Updated By: Haseena KU (Computer Assistant, On 29-01-2022) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം.<br>Written By: Biju Antony (Audit Officer, On 25-11-2021)<br>Last Updated By: Haseena KU (Computer Assistant, On 29-01-2022) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: K.P.Ramakrishnan (Asst. Audit Officer, On 09-11-2021)<br>Last Updated By: Haseena KU (Computer Assistant, On 29-01-2022) | 4-11 |
| | അനുബന്ധം | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

| | |
|---|---|
| 3 | വാർഷിക കണക്കുകളിലെ വിവിധ പത്രികകളുടെ സംക്ഷിപ്തം |

## ഭാഗം -1

### 1-1 ബജറ്റ് നടപടിക്രമങ്ങൾ.

12.02.2019 ന് തീരുമാനം നം.1(1) പ്രകാരം ബജറ്റ് എസ്റ്റിമേറ്റിന് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ അംഗീകാരം ലഭ്യമാക്കി ഭരണ സമിതിയുടെ തീരുമാനത്തിനായി സമർപ്പിച്ചിട്ടുണ്ട്. 26.02.2019 ലെ 1(1) ാം നമ്പർ തീരുമാന പ്രകാരം ഭരണസമിതിയുടെ അംഗീകാരവും ലഭ്യമാക്കിയിട്ടുണ്ട്.

ബജറ്റിന്റെ വിശദവിവരങ്ങൾ :

| | |
|---|---|
| മുന്നിരിപ്പ് | 399709 |
| വരവ് | 147995200 |
| ആകെ | 148394909 |
| ചെലവ് | 144988260 |
| നീക്കിയിരിപ്പ് | 3406649 |

### 1-1-2 ബജറ്റ് നടപടിക്രമങ്ങൾ പൂർണ്ണമായി പാലിച്ചിട്ടില്ല.

1994 കേരള പഞ്ചായത്ത് രാജ് ആക്റ്റ് സെക്ഷൻ-214, സർക്കാർ ഉത്തരവ് (ആർ.റ്റി) നം.3291/2016/ത.സ്വ.ഭ.വ തീയതി 02.12.2016 പ്രകാരമുള്ള തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് വേണ്ടിയുള്ള ബഡ്ജറ്റ് മാന്വൽ എന്നിവ പ്രകാരം ബജറ്റ് തയ്യാറാക്കുമ്പോൾ ചുവടെ ചേർക്കുന്ന നടപടിക്രമങ്ങൾ പാലിക്കേണ്ടതാണെന്ന് നിഷ്കർഷിക്കുന്നു :

1)അടുത്ത വർഷത്തേക്ക് ഉണ്ടാകാനിടയുള്ള വരവ് ചെലവുകളുടെ വിശദമായ എസ്റ്റിമേറ്റ് ഉൾകൊള്ളുന്ന ബജറ്റ്-പദ്ധതി/പദ്ധതിയേതര നിർദ്ദേശങ്ങൾ നിർവഹണ ഉദ്യോഗസ്ഥരും സ്റ്റാന്റിംഗ് കമ്മിറ്റികളും ജനുവരി 15 -ന മുമ്പായി ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിക്ക് സമർപ്പിക്കേണ്ടതാണ്.

ബജറ്റ് തയ്യാറാക്കുന്നതിനായി പഞ്ചായത്തിന്റെ ഘടക സ്ഥാപനങ്ങളുടെ പദ്ധതിയേതര വരവ്/ചെലവ് കണക്കുകളുടെ ശുപാർശ ജനുവരി 15 ന് നിശ്ചിത പ്രൊഫോർമയിൽ 01.01.2019 ന് മുമ്പ് സമർപ്പിക്കുവാൻ സെക്രട്ടറി 01.01.2019 ലെ A1-88/2018-19 പ്രകാരം ആവശ്യപ്പെട്ടിട്ടുണ്ട്.

ഭൂരിഭാഗം ഘടക സ്ഥാപന മേധാവികളും അനുവദനീയമായ സമയ പരിധിയായ ജനുവരി 15 ന് ശേഷമാണ് നോൺ പ്ലാൻ എസ്റ്റിമേറ്റുകൾ സമർപ്പിച്ചിട്ടുള്ളത്. ഉദാ :

| ക്രമ നം. | നിർവ്വഹണ ഉദ്യോഗസ്ഥൻ | നോൺ പ്ലാൻ എസ്റ്റിമേറ്റ് സർപ്പിച്ച തീയതി |
|---|---|---|
| 01 | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | തീയതി രേഖപ്പെടുത്തിയിട്ടില്ല. |
| 02 | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി | 11.02.2019 |
| 03 | അസിസ്റ്റന്റ് എഞ്ചിനിയർ | തീയതി രേഖപ്പെടുത്തിയിട്ടില്ല. |
| 04 | എച്ച്.എം. ജി.എൽ.പി.എസ്.താണിക്കുന്ന് | തീയതി രേഖപ്പെടുത്തിയിട്ടില്ല. |

2)2016 ലെ വകുപ്പ് 214(7) പ്രകാരം ബജറ്റ് പാസ്സാക്കിയതിന് ശേഷം സർക്കാരിനും ചുമതലപ്പെടുത്തിയ

ഉദ്യോഗസ്ഥർക്കും, ഓഡിറ്റർക്കും അയക്കേണ്ടതാണ്.

3)സർക്കാർ ഉത്തരവ് (ആർ.റ്റി) നം.3291/2016 പ്രകാരം മുൻ വർഷത്തെ യഥാർത്ഥ വരവിൽ നിന്നും ഏതൊരു പ്രതീക്ഷിത വ്യതിയാനങ്ങളോടൊപ്പവും വിശദമായ കുറിപ്പുകൾ വേണം എന്ന് ഉറപ്പാക്കേണ്ടതാണ്. പൂക്കോട്ട്കാവ് പഞ്ചായത്തിൽ ബജറ്റ് തയ്യാറാക്കിയതിൽ മേൽപ്രകാരമുള്ള നടപടിക്രമങ്ങൾ പൂർണ്ണമായി പാലിക്കപ്പെട്ടിട്ടില്ല.

ഭാവിയിൽ ബജറ്റ് പാസ്സാക്കുമ്പോൾ ക്രമ നം. 1 മുതൽ 3 വരെയുള്ള നിബന്ധനകൾ പാലിക്കുന്നുണ്ടെന്ന് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയും, ഭരണസമിതിയും ശ്രദ്ധിക്കേണ്ടതാണ്.

### 1-1-3 റിവൈസഡ് ബജറ്റ്

ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ 03.03.2020 ലെ യോഗത്തിൽ ബജറ്റ് എസ്റ്റിമേറ്റ് അവതരിപ്പിച്ച് തീരുമാനം നം.1(1) പ്രകാരം റിവൈസ്ഡ് ബജറ്റ് അന്തിമമാക്കി ഭരണ സമിതിയുടെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. 03.03.2020 ലെ ഭരണസമിതിയുടെ തീരുമാനം നം.2(1) പ്രകാരം റിവൈസ്ഡ് ബജറ്റിനുള്ള അംഗീകാരം ലഭ്യമാക്കിയിട്ടുമുണ്ട്. വിശദവിവരങ്ങൾ :

| | |
|---|---|
| മുന്നിരിപ്പ് | 2230314 |
| വരവ് | 134847865 |
| ആകെ | 137078179 |
| ചെലവ് | 133817381 |
| നീക്കിയിരിപ്പ് | 3260798 |

### 1-2 വാർഷിക ധനകാര്യ പത്രിക സമർപ്പിച്ചതിന്റെ വിവരം

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ച് അയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി. |
|---|---|---|---|
| 31.07.2020 | 29.05.2020 | ബാധകമല്ല. | ബാധകമല്ല. |

### 1-2-1 വാർഷിക ധനകാര്യപത്രികയിലെ അപാകതകൾ.

1)ആസ്തി രജിസ്റ്റർ സാംഖ്യയുമായി ബന്ധിപ്പിച്ച് കാലികമാക്കി സൂക്ഷിച്ചിട്ടില്ല.

2)സചിത്ര സാംഖ്യയുമായി ബന്ധിപ്പിച്ചിട്ടില്ലാത്തതിനാൽ ബാലൻസ് ഷീറ്റിലെ ആസ്തികളുടെ മൂല്യത്തിന്റെ കൃത്യത ഉറപ്പാക്കുവാൻ സാധിച്ചിട്ടില്ല.

3)ജോയിന്റ് വെഞ്ചർ അക്കൗണ്ടുകളിൽ ഉൾപ്പെടുന്ന ബ്ലോക്ക്, ജില്ലാ എന്നീ പഞ്ചായത്തുകൾക്ക് സംയുക്ത ബാങ്ക് അക്കൗണ്ട് (STSB A/c)പഞ്ചായത്ത് നിലവിൽ ആരംഭിച്ചിട്ടില്ല.

4)മരാമത്ത് പ്രവൃത്തികളിൽ ഉൾപ്പെടുന്ന ക്യാപിറ്റൽ വർക്ക് ഇൻ പ്രൊഗ്രസ്സ് ആസ്തികളായി മാറുമ്പോൾ ജേണൽ എൻട്രിയിലൂടെ അസ്സറ്റായി അക്കൗണ്ട് ചെയ്യപ്പെടുന്നില്ല.

5)സമ്പൂർണ്ണ പാർപ്പിട സുരക്ഷാ പദ്ധതിക്കായി ലഭ്യമായ സ്റ്റേറ്റ് വിഹിതം തെറ്റായി റസീപ്റ്റ് &പെയ്മെന്റ് RP(36) ലെ സെക്യൂർഡ് വായ്പകളുടെ ഹെഡിൽ ഉൾപ്പെടുത്തിയാണ് വാർഷിക കണക്കുകൾ തയ്യാറാക്കിയിട്ടുള്ളത്.

6)MGNREGS അഡ്മിനിസ്ട്രേഷൻ ചെലവുകൾ ശരിയായ ഹെഡിൽ രേഖപ്പെടുത്തിയിട്ടില്ല. വാർഷിക കണക്കിൽ 10,16,357/- രൂപയാണ് (RP-16) രേഖപ്പെടുത്തിയിട്ടുള്ളത്. MGNREGS ക്യാഷ് ബുക്ക് പ്രകാരം യഥാർത്ഥ ചെലവ്

20,04,773/- രൂപയാണ്.

ന്യൂനതകൾ പരിഹരിച്ച് വിവരം ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

## 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 3745529 |
| വരവ് | 37666641 |
| ആകെ | 41412170 |
| ചെലവ് | 38680041 |
| നീക്കിയിരിപ്പ് | 2732129 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | 0 | 6167582 | 6167582 | 6096169 | 71413 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | 0 | 9654882 | 9654882 | 7178159 | 2476723 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 5416335 | 5416335 | 3049024 | 2367311 |
| മെയിന്റനൻസ്, - റോഡ് (ACR പ്രകാരം) | 0 | 6329000 | 6329000 | 2670730 | 3658270 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | 0 | 3251000 | 3251000 | 2385535 | 865465 |
| *എം.ജി.എൻ.ആർ.ഇ.ജി.എസ് | 15720 | 16976934 | 16992654 | 16987762 | 4892 |
| ലൈഫ് ഭവന പദ്ധതി (സംസ്ഥാന വിഹിതം) | 0 | 2,00,000 | 2,00,000 | 2,00,000 | 0 |
| ടി.എസ്.സി- കാനറാ ബാങ്ക് & ശുചിത്വ മിഷൻ | 2278712 | 0 | 2278712 | 1857741 | 420971 |
| ഐ.സി.ഡി.എസ്. | 483726 | 383145 | 866871 | 285577 | 581294 |
| *ജോയിന്റ് വെഞ്ചർ - ബ്ലോക്ക് പഞ്ചായത്ത് | 626 | 1327978 | 1328604 | 420260 | 908344 |
| ജില്ലാ പഞ്ചായത്ത് | 0 | 239437 | 239437 | 239437 | 0 |

ജോയിന്റ് വെഞ്ചർ അക്കൗണ്ടുകളിൽ ഉൾപ്പെടുന്ന ബ്ലോക്ക്, ജില്ലാ എന്നീ പഞ്ചായത്തുകൾക്ക് സംയുക്ത ബാങ്ക് അക്കൗണ്ട് (STSB A/c) പഞ്ചായത്ത് നിലവിൽ ആരംഭിച്ചിട്ടില്ല. പ്രസ്തുത അക്കൗണ്ടിലെ ഇടപാടുകൾ തനത് ഫണ്ടിന്റെ കനറാ ബാങ്കിലൂടേയാണ് നിർവ്വഹിച്ച് വരുന്നത്.

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്റ്റുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്റ്റുകളുടെ |
|---|---|---|---|---|---|---|

| (എണ്ണം) | | | | (എണ്ണം) | | ശതമാനം |
|---|---|---|---|---|---|---|
| 141 | 41634993 | 90 | 25711227 | 48% | 3 | 64% |

ഐ.കെ.എം സ്റ്റേറ്റ്മെന്റ് പ്രകാരം നിർവ്വഹണോദ്യോഗസ്ഥരുടെ ചെലവ് വിവരം

| നിർവ്വഹണോദ്യോഗസ്ഥർ | പദ്ധതികളുടെ എണ്ണം | നടപ്പാക്കിയത് | ആകെ അടങ്കൽ | ചെലവ് | ശതമാനം |
|---|---|---|---|---|---|
| സെക്രട്ടറി | 23 | 15 | 4746577 | 2224225 | 46.86 |
| അസി.സെക്രട്ടറി | 8 | 5 | 1640692 | 1176161 | 71.69 |
| കൃഷി ഓഫീസർ | 1 | 1 | 2119465 | 908238 | 42.85 |
| മെഡിക്കൽ ഓഫീസർ-പി.എച്ച്.സി | 04 | 04 | 706928 | 591707 | 83.7 |
| മെഡിക്കൽ ഓഫീസർ-ആയുർവ്വേദം | 03 | 03 | 1346000 | 1346000 | 100 |
| വെറ്ററിനറി സർജ്ജൻ | 09 | 09 | 1419000 | 1360366 | 95.87 |
| ഐ.സി.ഡി.എസ് | 08 | 06 | 2087425 | 1589127 | 76.12 |
| വി.ഇ.ഒ | 06 | 06 | 8165974 | 8165974 | 100 |
| ഹെഡ് മാസ്റ്റർ, ജി.എൽ.പി.എസ് | 03 | 03 | 713504 | 713504 | 100 |
| അസി.എഞ്ചിനീയർ | 75 | 37 | 18339428 | 7286393 | 39.73 |
| ഡയറി ഫാം ഇൻസ്ട്രക്ടർ | 01 | 01 | 350000 | 349532 | 99.87 |
| ആകെ | 141 | 90 | 41634993 | 25711227 | 61.75 |

ആകെ വകയിരുത്തിയ തുകയുടെ 61.75% ആണ് തൻവർഷം ചെലവഴിച്ചിട്ടുള്ളത്.

വർക്കിംഗ് ഗ്രൂപ്പുകൾ (2019-2020)

പഞ്ചായത്തിൽ 13 വർക്കിംഗ് ഗ്രൂപ്പുകൾ പ്രവർത്തിച്ച് വരുന്നുണ്ട്. വർക്കിംഗ് ഗ്രൂപ്പുകളുടെ പൊതു യോഗം 2019-2020 സാമ്പത്തിക വർഷത്തിൽ ചേർന്നതായി കാണുന്നില്ല. പദ്ധതി പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നതിനായി ചില വർക്കിംഗ് ഗ്രൂപ്പുകൾ യോഗം ചേർന്നിട്ടുണ്ട്. വർക്കിംഗ് ഗ്രൂപ്പ് അടിസ്ഥാനത്തിൽ ചർച്ച ചെയ്ത് വികസന പദ്ധതികളുടെ പൂർണ്ണമായ നിർവ്വഹണം ഉറപ്പ് വരുത്തുന്നത് വരെ ഭൂരിഭാഗ പ്രോജക്റ്റ് ഫയലുകളിലും മോണിറ്ററിംഗ് റിപ്പോർട്ട് സൂക്ഷിച്ച് കാണുന്നില്ല. 2019 - 2020 ലെ വർക്കിംഗ് ഗ്രൂപ്പുകളുടെ യോഗം സ്വീകരിച്ച തീരുമാനങ്ങൾ മിനിട്സിൽ രേഖപ്പെടുത്തുകയോ ക്ലോസ് ചെയ്തതായോ കാണുന്നില്ല.

പദ്ധതികളുടെ ലക്ഷ്യപ്രാപ്തി കൈവരിക്കുന്നത് വരെ വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് ഘടകങ്ങളായി പ്രവർത്തിക്കേണ്ടതാണ്.

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 15720 | 1993945 | 2009665 | 2004773 | 4892 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | 0 | 14982989 | 14982989 | 14982989 | 0 |

| | | | | | |
|---|---|---|---|---|---|
| ആകെ | 15720 | 16976934 | 16992654 | 16987762 | 4892 |

* അഡ്മിനിസ്ട്രേഷൻ ചെലവുകൾ ശരിയായ ഹെഡിൽ രേഖപ്പെടുത്തിയിട്ടില്ല വാർഷിക കണക്കിൽ 10,16,357/- രൂപയാണ് (RP-16) രേഖപ്പെടുത്തിയിട്ടുള്ളത്. MGNREGS ക്യാഷ് ബുക്ക് പ്രകാരം യഥാർത്ഥ ചെലവ് 20,04,773/- രൂപയാണ്.

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 58680 | 82 |
| കർഷകതൊഴിലാളി പെൻഷൻ | 1360200 | 387 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം | 90000 | 03 |
| വാർദ്ധക്യകാലപെൻഷൻ | 3756900 | 1048 |
| വികലാംഗപെൻഷൻ | 727500 | 205 |
| 50 വയസ്സിനു മുകളിലുള്ള അവിവാഹിതകൾക്കുള്ള പെൻഷൻവിധവാ പെൻഷൻ | 349200 | 99 |
| വിധവാ പെൻഷൻ | 2499000 | 713 |

## 1-8 ക്യാഷ് പരിശോധന

1994 – ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 6(4) പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 09.11.2021-ന് സ്ഥാപനത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തി. 8,618/- രൂപയുടെ നീക്കിയിരിപ്പിന്റെ കൃത്യത പരിശോധിച്ച് ബോധ്യപ്പെട്ടു.

## 1-9 അഭ്യന്തര നിയന്ത്രണ സംവിധാനം.

ആഭ്യന്തര നിയന്ത്രണ സംവിധാനത്തെക്കുറിച്ചുള്ള പരാമർശം 2020-2021 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 07.09.2021 | 01.07.2021 മുതൽ 31.08.2021 | 20.09.2021 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 03.04.2010 | 2005-06 മുതൽ 2009-2010വരെ | 28.05.2010 |

## 1-11 കെട്ടിട നിർമ്മാണ പെർമിറ്റ് - ക്രമവത്ക്കരണ ഫീസ് കുറവായി ഈടാക്കി

കെട്ടിടനിർമ്മാണ ക്രമവത്ക്കരണ ഫയലുകൾ പരിശോധിച്ചതിൽ ശ്രീ രവീന്ദ്രൻ മുക്കോട്ടുകുന്ന് ഹൗസ്, കല്ലുവഴി, പൂക്കോട്ടുകാവ്, 26.06.19-ന് സമർപ്പിച്ച 1073.4 ച.മീ വിസ്തീർണ്ണമുള്ള ഓഡിറ്റോറിയത്തിന്റെ കെട്ടിടനിർമ്മാണ പെർമിറ്റിനായുള്ള അപേക്ഷ ആവശ്യമായ രേഖകളില്ലാത്ത കാരണത്താൽ ന്യൂനത

പരിഹരിക്കുന്നതിനായി 28.06.19-ന് തിരിച്ചയച്ചിരിക്കുന്നു. പിന്നീട് 17.10.19-ന് പുനസമർപ്പിച്ച അപേക്ഷയിൽ ഫയർ & സേഫ്റ്റി നിരാക്ഷേപ പത്രം, അപ്രൂവ്ഡ് പ്ലാൻ, പൊല്യൂഷൻ കൺട്രോൾ ബോർഡിൽ നിന്നുള്ള സാക്ഷ്യപത്രം എന്നിവ ഹാജരാക്കിയിട്ടില്ലെന്നും ആയത് ഹാജരാക്കുന്ന മുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കാൻ സാധിക്കുകയുള്ളൂ എന്നും 18.10.19-ലെ കത്ത് നം. A2-3579/19 മുഖേന സെക്രട്ടറി അറിയിച്ചിട്ടുണ്ട്.

എന്നാൽ ആവശ്യമായ രേഖകൾ ഹാജരാക്കി പെർമിറ്റ് ലഭ്യമാക്കാതെ കെട്ടിട നിർമ്മാണം നടത്തിയതായി അസിസ്റ്റന്റ് എഞ്ചിനീയർ 14.11.19-ന് റിപ്പോർട്ട് ചെയ്തിരിക്കുന്നു. അനുമതി ഇല്ലാതെ നടക്കുന്ന ഓഡിറ്റോറിയത്തിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട് തുടർപ്രവർത്തനങ്ങൾ നിർത്തിവെക്കുന്നതിന് സെക്രട്ടറി എ2-3579/2019/ 14.11.19 നമ്പർ നോട്ടീസിലൂടെ ശ്രീ രവീന്ദ്രനെ അറിയിച്ചിട്ടുണ്ട്. തുടർന്ന് 20.11.19-ന് അപേക്ഷയോടൊപ്പം ആവശ്യമായ രേഖകളും കെട്ടിടത്തിന്റെ വിസ്തീർണ്ണം 1114.34 ച.മീ ആയി പുതുക്കിയ പ്ലാനും സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ സെക്രട്ടറിയുടെ 12.12.19 ലെ നടപടിക്രമം നം. എ2-3579/2019 മുഖേന കെട്ടിടനിർമ്മാണം നിയമാനുസൃതം ക്രമവത്ക്കരിച്ച് ഉത്തരവായിരിക്കുന്നു.

8.11.19 പ്രാബല്യത്തിൽ വന്ന 2019-ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 94 പ്രകാരം ഈടാക്കേണ്ടതായ പെർമിറ്റ് ഫീസ് ച.മീ 10 രൂപാ നിരക്കിലും ചട്ടം 95 പ്രകാരം ക്രമവത്ക്കരണ ഫീസ് (രാജിയാക്കൽ ഫീസ്) പെർമിറ്റ് ഫീസിന്റെ ഇരട്ടിയുമാണ്. ഇതു പ്രകാരമുള്ള രാജിയാക്കൽ ഫീസ് ഈടാക്കാതെ 2011-ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടപ്രകാരം ബാധകമായ നിരക്കിൽ (5രൂ നിരക്കിൽ) പെർമിറ്റ് ഫീസ് കണക്കാക്കുകയും അതിന്റെ ഇരട്ടിതുക രാജിയാക്കൽ ഫീസ് ആയി ശ്രീ രവീന്ദ്രനിൽ നിന്നും ഈടാക്കി കെട്ടിടനിർമ്മാണം ക്രമവത്ക്കരിച്ച് നൽകുകയും ചെയ്തു. 7.11.19-ന് ശേഷം ക്രമവത്ക്കരിച്ചു നൽകിയ കെട്ടിടനിർമ്മാണത്തിന് 8.11.19 മുതൽ പ്രാബല്യത്തിൽ വന്ന ചട്ടപ്രകാരമുള്ള നിരക്കിൽ രാജിയാക്കൽ ഫീസ് ഈടാക്കാത്തതിനാൽ താഴെചേർക്കും പ്രകാരം തുക ഈടാക്കിയതിൽ കുറവു വന്നിരിക്കുന്നു.

| അംഗീകരിച്ച പ്ലാൻപ്രകാരമുള്ള വിസ്തീർണ്ണം(ച.മീ) | ഈടാക്കിയ ഫീസ് | ഈടാക്കേണ്ട ഫീസ് | കുറവ് |
|---|---|---|---|
| 1114.34 | 1114.34x5x2= 11143രൂ | 1114.34x10x2= `22286.8രൂ | 11143രൂ |

ഈ വിഷയം ഓഡിറ്റ് അന്വേഷണം (11/20.11.21) മുഖേന അറിയിച്ചതിനെ തുടർന്ന് ശ്രീ രവീന്ദ്രനിൽ നിന്നും രാജിയാക്കൽ ഫീസിനത്തിലെ കുറവ് തുക 11,143/- രൂ രശീതി നം.121130101572/23.11.21 പ്രകാരം ഈടാക്കി.

ഓഡിറ്റ് നിർദ്ദേശം

2019-ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ, ചട്ടം 93 പ്രകാരം ക്രമവൽക്കരണത്തിനുള്ള അപേക്ഷ അപ്പന്റിക്സ് എ1-ഫോറത്തിൽ ഒരു പുതിയ കെട്ടിടത്തിനുള്ള അപേക്ഷാസംഗതിയിൽ എന്നപോലെ ചട്ടത്തിൽ പരാമർശിച്ച രേഖകൾ സഹിതം സമർപ്പിക്കേണ്ടതും ക്രമവൽക്കരണത്തിനുള്ള ഒരു അപേക്ഷ തീർപ്പാക്കൽ നടപടിക്രമം ഒരു പുതിയ പെർമിറ്റിനുള്ള അപേക്ഷയുടെ സംഗതിയിലെ പോലെ തന്നെയായിരിക്കുന്നതുമാണ്. ചട്ടം 95 പ്രകാരം ക്രമവൽക്കരണം നടത്തുന്നതിനായി ലഭിക്കുന്ന അപേക്ഷകളിൽ സെക്രട്ടറി രേഖാമൂലമുള്ള ഉത്തരവിലൂടെ അനുവദിക്കുകയോ നിരസിക്കുകയോ ചെയ്യേണ്ടതാണ്. ക്രമവൽക്കരണം അനുവദിക്കുന്ന സംഗതികളിൽ അപ്പന്റിക്സ് G1 ൽ ഉത്തരവ് പുറപ്പെടുവിക്കേണ്ടതാണ്. കെട്ടിട നിർമ്മാണം ക്രമവത്ക്കരിച്ച് നൽകുമ്പോൾ മേൽചട്ടങ്ങൾ പാലിച്ചിട്ടുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതും ചട്ടത്തിൽ പറഞ്ഞ പ്രകാരമുള്ള ഫീസ് ഈടാക്കിയിട്ടുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതുമാണ്.

1-12 തൊഴിൽനികുതി പിരിവ് കാര്യക്ഷമമാക്കേണ്ടതാണ്

1994 ലെ കേരളാ പഞ്ചായത്ത് രാജ് ആക്റ്റ് വകുപ്പ് 204, 1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ എന്നിവ പ്രകാരം പഞ്ചായത്ത് പ്രദേശത്ത് 60 ദിവസത്തിൽ കുറയാതെ തൊഴിലിൽ ഏർപ്പെട്ടിരിക്കുന്ന ഏതൊരാളുടെയും മേൽ തൊഴിൽ നികുതി ചുമത്തേണ്ടതാകുന്നു. തൊഴിൽനികുതി ഡിമാന്റ് രജിസ്റ്റർ, സ്റ്റേറ്റ്മെന്റുകൾ എന്നിവ പരിശോധിച്ചതിലെ നിരീക്ഷണങ്ങൾ ചുവടെ ചേർക്കുന്നു.

1-12 (1) തൊഴിൽനികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല

A)FACTEOS ലൈസൻസ് അനുവദിച്ചിട്ടുണ്ടെങ്കിലും സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല.

| ക്രമ നം. | സ്ഥാപനം | ജീവനക്കാരുടെ എണ്ണം |
|---|---|---|
| 1 | സ്റ്റാർ ഹോളോ ബ്രിക്സ് | 4 |
| 2 | ലിബർട്ടി ഫുഡ് പ്രൊഡക്ട് | 3 |
| 3 | SANZ ട്രേഡേഴ്സ് | 6 |
| 4 | ചെറുമല ക്വാറി | 8 |

B) തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ, റിട്ടേണുകൾ എന്നിവയുടെ പരിശോധനയിൽ പഞ്ചായത്ത് പരിധിയിലെ റേഷൻകടകളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയതായി കാണുന്നില്ല. ഓഡിറ്റ് അന്വേഷണം മുഖേന ലഭ്യമായ വിവരമനുസരിച്ച് പഞ്ചായത്ത് പരിധിയിൽ 5 റേഷൻകടകൾ പ്രവർത്തിക്കുന്നുണ്ട്. വിശദാംശം ചുവടെചേർക്കുന്നു.

| എ ആർ ഡി നം. | ലൈസൻസിയുടെ പേര്, സ്ഥലം |
|---|---|
| 1948050 | പി എ സേതുരാജ്, കാട്ടുകുളം സൗത്ത് |
| 1948194 | സുബ്രമണ്യൻ, പുഞ്ചപ്പാടം |
| 1948057 | അച്യുതൻ, കല്ലുവഴി |
| 1948249 | ധർമ്മരാജൻ, കല്ലുവഴി |
| 1948053 | മനോജ്കുമാർ, പൂക്കോട്ടുകാവ് |

C) കരാറുകാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

പഞ്ചായത്തിന്റെ മരാമത്ത് പ്രവർത്തികൾ നടപ്പിലാക്കിയ കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

| ക്രമ നം. | കരാറുകാരന്റെ പേര് |
|---|---|
| 1 | വി.രാജൻ,<br>വില്ലൻകണ്ടത്തിൽ ഹൗസ്<br>കല്ലുവഴി |
| 2 | കെ.അരവിന്ദൻ,<br>കിഴക്കേ കൊട്ടാരം ഹൗസ് |

| | |
|---|---|
| | കല്ലുവഴി |
| 3 | കെ.ടി.ഗോവിന്ദൻകുട്ടി, തെക്കേതിൽ ഹൗസ്, തിരുവാഴിയോട് |

നിയമപ്രകാരം അടവാക്കേണ്ടതായ നികുതി ജീവനക്കാരിൽ നിന്നും ഈടാക്കാത്ത വിവരം ഓഡിറ്റ് അന്വേഷണം (5/17.11.21) മുഖേന അറിയിച്ചതിന് കരാറുകാരായ വി.രാജൻ, കെ.അരവിന്ദൻ എന്നിവർ യഥാക്രമം 121130101551/22.11.21, 121130101561/22.11.21 എന്നീ രശീതികൾ പ്രകാരം തുക അടവാക്കിയതായും മറ്റുള്ളവരിൽ നിന്നും നികുതി ഈടാക്കുന്നതാണെന്നും അറിയിച്ചു.

ചട്ടത്തിൻ കീഴിൽ തൊഴിൽനികുതി അടക്കുവാൻ ബാധ്യസ്ഥരായ എല്ലാ ജീവനക്കാരിൽ നിന്നും നികുതി ഈടാക്കിയിട്ടുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതും മേൽപരാമർശിച്ചതിൽ നികുതി അടക്കുവാൻ ശേഷിക്കുന്നവരിൽ നിന്നും നികുതി ഈടാക്കിയതിന്റെ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതുമാണ്.

1-12(2) സ്ഥാപന തൊഴിൽനികുതി ഈടാക്കിയിട്ടില്ല

താഴെപ്പറയുന്ന സ്ഥാപനങ്ങളിൽ നിന്നും സ്ഥാപനങ്ങളുടെ തൊഴിൽനികുതി ഈടാക്കിയിട്ടില്ല.

| ക്രമ നം. | സ്ഥാപനം | അർദ്ധവർഷം |
|---|---|---|
| 1 | ക്ഷീരോത്പാദക സഹകരണ സംഘം, മുന്നൂർക്കോട് | I & II |
| 2 | ക്ഷീരോത്പാദക സഹകരണ സംഘം, കല്ലുവഴി | I & II |
| 3 | നീതി സ്റ്റോർ, പൂക്കോട്ടുകാവ് | I & II |
| 4 | സൗമ്യ ഓഡിറ്റോറിയം | I & II |

ഈ വിഷയത്തിൽ ഓഡിറ്റ് അന്വേഷണം (5/17.11.21) നൽകിയതിന് തുക ഈടാക്കി വിവരം അറിയിക്കുന്നതാണെന്ന് മറുപടി നൽകി. ട്രേഡേഴ്സ് ലിസ്റ്റ് കാലികമാക്കി, നികുതി പരിധിയിൽ വരുന്ന എല്ലാ സ്ഥാപനങ്ങളുടെയും തൊഴിൽനികുതി ഡിമാന്റ് ചെയ്ത് ഈടാക്കേണ്ടതും പരാമർശിച്ച സ്ഥാപനങ്ങളിൽ നിന്നും തൊഴിൽനികുതി ഈടാക്കിയതിന്റെ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതുമാണ്.

1-12(3) തൊഴിൽനികുതി കുറവായി ഈടാക്കി

താഴെപ്പറയുന്ന ജീവനക്കാരിൽ നിന്നും അർദ്ധവാർഷിക വരുമാനത്തിന് ബാധകമായ നിരക്കിൽ തൊഴിൽനികുതി ഈടാക്കിയിട്ടില്ല.

| ക്രമ നം. | ജീവനക്കാരന്റെ പേര്, തസ്തിക, സ്ഥാപനം | അർദ്ധവാർഷിക വരുമാനം | അടവാക്കിയ തുക | ഈടാക്കേണ്ട തുക | കുറവ് |
|---|---|---|---|---|---|
| 1 | രാമചന്ദ്രൻ കെ, പി ടി എസ്, | 166649 (ഒന്നാം അർദ്ധ വാർഷിക വരുമാനം) | 750 | 1250 | 500 |

| | | | | | |
|---|---|---|---|---|---|
| | പി എച്ച് സി പൂക്കോട്ടുകാവ് | | | | |
| 2 | കെ രതി, കീഴേടം ക്ലർക്ക് പരിയാനംപറ്റ ദേവസ്വം | 73650 (12275X6) (രണ്ടാം അർദ്ധ വാർഷിക വരുമാനം) | 450 | 600 | 150 |
| 4 | സുനിത ആർ, ഓഫീസ് അറ്റൻഡന്റ്, ജി എച്ച് എസ് മുന്നൂർക്കോട് | 118800 (19800X6) (രണ്ടാം അർദ്ധ വാർഷിക വരുമാനം) | 750 | 1000 | 250 |
| ആകെ | | | | | 900 |

കുറവായി അടവാക്കിയ തുക ജീവനക്കാരിൽ നിന്നും ഈടാക്കി രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്. ഓഡിറ്റ് അന്വേഷണത്തിന് (5/17.11.21) ജീവനക്കാരിൽ നിന്നും തുക ഈടാക്കുന്നതാണ് എന്ന് അറിയിച്ചിട്ടുണ്ട്. ചട്ടപ്രകാരം അർദ്ധവാർഷിക വരുമാനത്തിന് അനുസൃതമായി നികുതി ഈടാക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

1-13 ക്ഷീരകർഷകർക്ക് ഇൻസെന്റീവ് - പദ്ധതി മാർഗ്ഗരേഖ പാലിക്കേണ്ടതാണ്

പ്രോജക്റ്റ് നം - 34/20

പ്രോജക്റ്റ് - ക്ഷീരകർഷകർക്ക് ഇൻസെന്റീവ്

നിർവഹണ ഉദ്യോഗസ്ഥൻ - ഡയറി എക്സ്റ്റൻഷൻ ഓഫീസർ

അടങ്കൽ - 300000 (വികസനഫണ്ട് ജനറൽ)

- 50000 (ജില്ലാ പഞ്ചായത്ത് വിഹിതം)

ചെലവ് - 300000(വികസനഫണ്ട് ജനറൽ) (ബിൽ നം. 1/19-20/13.03.20-64611

ബിൽ നം. 2/19-20/13.03.20-87168, ബിൽ നം.3/19-20/13.03.20-148221)

- 49532 (ജില്ലാ പഞ്ചായത്ത് വിഹിതം) (ബിൽ നം.4/19-20/13.03.20-11398
ബിൽ നം.5/19-20/13.03.20-12814 ബിൽ നം.6/19-20/13.03.20-25320)

ഗ്രാമപഞ്ചായത്തിനു കീഴിലുള്ള മുന്നൂർക്കോട്, കാട്ടുകുളം, കല്ലുവഴി എന്നീ മൂന്നു ക്ഷീരോത്പ്പാദക സഹകരണ സംഘങ്ങളിലെ ക്ഷീരകർഷകർക്ക് ഇൻസെന്റീവ് നൽകുന്നതിനായി മേൽ ബില്ലുകൾ പ്രകാരം ആകെ 3,49,532/- രൂ ചെലവഴിച്ചിട്ടുണ്ട്. ക്ഷീരോത്പ്പാദക സഹകരണ സംഘങ്ങളിലെ ക്ഷീരകർഷകർക്ക് പാലളവിന് ആനുപാതികമായി ലിറ്ററൊന്നിന് പരമാവധി 4 രൂപ (ഡിപ്പാർട്ട് മെന്റ് സബ്സിഡി അനുവദിക്കുന്ന മാസങ്ങളിൽ മൂന്നുരൂപ മാത്രം) തോതിൽ 2019 ഏപ്രിൽ മാസം മുതൽ 2020 മാർച്ച് മാസം വരെയുള്ള ആനുകൂല്യം നൽകുക എന്നതാണ് പ്രോജക്റ്റ് ലക്ഷ്യമായി രേഖപ്പെടുത്തിയിരിക്കുന്നത്. പ്രോജക്റ്റ് പ്രകാരം ആനുകൂല്യം നൽകിയിരിക്കുന്നതിന്റെ വിശദാംശം താഴെചേർക്കുന്നു.

| ക്ഷീരസംഘം | വികസനഫണ്ട് ഉപയോഗിച്ച് ഇൻസെന്റീവ് നൽകിയതിന്റെ വിശദാംശം (മെയ്-19 – | ജില്ലാപഞ്ചായത്ത് വിഹിതം ഉപയോഗിച്ച് ഇൻസെന്റീവ് നൽകിയതിന്റെ വിശദാംശം | അധികം നൽകിയ തുക |
|---|---|---|---|

| | സെപ്തംബർ 19) | | | | (ജൂൺ 19 -ജൂലൈ19) | | | | |
|---|---|---|---|---|---|---|---|---|---|
| | കർഷകരുടെ എണ്ണം | നിരക്ക് | പാലളവ് | ഇൻ സെന്റീവ് | കർഷകരുടെ എണ്ണം | നിരക്ക് | പാലളവ് | ഇൻ സെന്റീവ് | |
| മുന്നൂർക്കോട് | 104 | 3 | 49407 | 148211 | 93 | 1 | 25320 | 25320 | 25320 |
| കാട്ടുകുളം | 50 | 3 | 29056 | 87168 | 43 | 1 | 12814 | 12814 | 12814 |
| കല്ലുവഴി | 44 | 3 | 21537 | 64611 | 42 | 1 | 11398 | 11398 | 11398 |
| ആകെ | 198 | 3 | 100000 | 300000 | 178 | 1 | 49532 | 49532 | 49532 |

വികസനഫണ്ട് ഉപയോഗിച്ച് മൂന്നസംഘങ്ങളിലുമായുള്ള 198 ക്ഷീരകർഷകർക്ക് 2019 മെയ് മാസം മുതൽ 2019 സെപ്തംബർ ആറാം തീയതിവരെയുള്ള കാലയളവിലേക്ക് മൂന്നുരൂപ നിരക്കിലും ജില്ലാപഞ്ചായത്ത് വിഹിതം ഉപയോഗിച്ച് മേൽ കർഷകരിലുൾപ്പെട്ട 178 പേർക്ക് 2019 ജൂൺ, ജൂലൈ മാസങ്ങളിലെ പാലളവിന് ഒരു രൂപനിരക്കിലും ഇൻസെന്റീവ് നൽകിയിരിക്കുന്നു. എന്നാൽ സ.ഉ( കൈ) 22/18 ത.സ്വ.ഭ.വ തീയ്യതി 14.2.2018 പ്രകാരമുള്ള പതിമൂന്നാം പദ്ധതി സബ്സിഡി മാർഗ്ഗരേഖപ്രകാരം ഒരു ലിറ്റർ പാലിന് ഡിപ്പാർട്ട്മെന്റ് സബ്സിഡി ഉൾപ്പെടെ പരമാവധി 4 രൂപ നിരക്കിലാണ് ഒരു കർഷകന് ഇൻസെന്റീവ് നൽകാവുന്നത്. ജൂൺ, ജൂലൈ മാസങ്ങളിൽ ഡിപ്പാർട്ട്മെന്റ് സബിസിഡി കൂടാതെ തന്നെ നാലു രൂപ നിരക്കിൽ ഇൻസെന്റീവ് നൽകിയിരിക്കുന്നു. വിഷയം ഓഡിറ്റ് എൻക്വയറി (9/18.11.21) മുഖേന ശ്രദ്ധയിൽപ്പെടുത്തിയതിന് ഡിപ്പാർട്ട്മെന്റ് സബ്സിഡി ലഭ്യമാകാത്തതിനാലാണ് നാലു രൂപ നിരക്കിൽ ഇൻസെന്റീവ് നൽകിയതെന്നും വരും വർഷങ്ങളിൽ മതിയായ തുക വകയിരുത്തിയും പദ്ധതി മാർഗ്ഗരേഖ പ്രകാരവും പദ്ധതി നടപ്പിലാക്കുന്നതാണെന്ന് മറുപടി നൽകിയിട്ടുണ്ട്.

ഓഡിറ്റ് നിർദ്ദേശം

1. സബ്സിഡി മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾക്ക് വിധേയമായി മാത്രം പദ്ധതി നടപ്പിലാക്കേണ്ടതാണ്.

2.അർഹമായതിലും കൂടുതൽ തുക നൽകാതെ അനുവദനീയമായ പരമാവധി തുക കൂടുതൽ കാലയളവിലേക്ക് നൽകുവാൻ കഴിയുന്ന വിധത്തിൽ തുക വകയിരുത്തി പദ്ധതി ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതാണ്.

1-14 പ്രത്യേക ഉദ്ദേശ ഗ്രാന്റുകൾ തനത് ഫണ്ടിൽ നിക്ഷേപിച്ചത് - ക്രമ പ്രകാരമല്ല.

2019-2020 സാമ്പത്തിക വർഷത്തിലുള്ള തനത് ഫണ്ടിന്റേയും പ്രത്യേക ഉദ്ദേശ ഗ്രാന്റുകളുടേയും നീക്കിയിരിപ്പുകളുടെ വിശദവിവരങ്ങൾ താഴെ ചേർക്കുന്നു :

1)

| | |
|---|---|
| തനത് ഫണ്ട് (നീക്കിയിരിപ്പ് ) | 27,32,129/- |
| NREGS മുൻകൂർ | 549868 (B-18) |
| ബഡ്സ് റിഹാബിലിറ്റേഷൻ സെന്റർ | 314119 (B-18) |
| ആകെ | 35,96,116 |

2)

| | |
|---|---|
| പഞ്ചായത്ത് ഡിസ്ട്രസ്സ് റിലീഫ് ഫണ്ട് | 7,775 ( B-2) |
| ഗ്രാന്റ്സ് & കോൺട്രിബ്യൂഷൻസ് | 19,51,624 (B-4) |
| ഡെപ്പോസിറ്റ്സ് | 2,86,345 (B-7) |
| സണ്ട്രി ക്രഡിറ്റേസ് | 504339 (B-9) |

| | |
|---|---|
| ആകെ | 27,50,083 |

ക്രമ നം.1 പ്രകാരം 35,96,116/- രൂപ തനത് ഫണ്ടായി കണക്കിലെടുത്ത് ക്രമ നം.2 പ്രകാരമുള്ള പ്രത്യേക ഉദ്ദേശ ഗ്രാന്റുകളായ 27,50,083/- രൂപ കുറവ് ചെയ്താൽ തനത് ഫണ്ട് നീക്കിയിരിപ്പായ 8,46,033/- രൂപയിൽ എത്തി ചേരാവുന്നതാണ്.

ക്രമ നം.2 ൽ ഉൾപ്പെട്ട പ്രത്യേക ഉദ്ദേശ ഗ്രാന്റുകൾ തനത് ഫണ്ടിൽ നിക്ഷേപിച്ചതായാണ് കാണുന്നത്. (കാനറാ ബാങ്ക്, കല്ലുവഴി) വാർഷിക കണക്ക് പ്രകാരം തനത് ഫണ്ടിലെ നീക്കിയിരുപ്പ് - 27,32,129/- രൂപയാണ്. തനത് ഫണ്ട് ബാലൻസ് 8,46,033/- ആയി നിലനിൽക്കെ വാർഷിക കണക്കിൽ പ്രസ്തുത നീക്കിയിരിപ്പ് കൃത്യതയോടെ പ്രതിഫലിച്ചിട്ടില്ല.

ഓഡിറ്റ് നിർദ്ദേശ ങ്ങൾ

1)തനത് ഫണ്ടുകൾക്ക് മാത്രമായി ഒരു ട്രഷറി/ബാങ്ക് അക്കൗണ്ട് നിലനിർത്തേണ്ടതാണ്.

2)പ്രത്യേകോദ്ദേശ ഫണ്ടുകൾക്ക് പ്രത്യേക അക്കൗണ്ടുകൾ ആരംഭിച്ച് നിർദ്ദിഷ്ട പദ്ധതികൾക്ക് തന്നെ തുക വിനിയോഗിക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

3)വരവ് - ചെലവുകൾ രേഖപ്പെടുത്തുന്നതിന് അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്ററുകൾ സൂക്ഷിക്കേണ്ടതാണ്.

4)വാർഷിക കണക്കിലെ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-4 പ്രകാരമുള്ള പ്രത്യേക ഉദ്ദേശ ഗ്രാന്റുകളുടെ നീക്കിയിരുപ്പ് Receipt & Payment Schedule RP-40(b) യുമായി പൊരുത്തപ്പെടുത്തി തയ്യാറാക്കേണ്ടതാണ്.

തുടർ നടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-15 അനുപൂരക പോഷകാഹാരം-ടി.ഡി.എസ് ഈടാക്കിയിട്ടില്ല

ഗുഡ്സ് & സർവ്വീസ് ആക്ട് 2017- ലെ സെക്ഷൻ 51, 21.07.2018-ലെ 28 -ാം ജി.എസ്.ടി കൗൺസിൽ തീരുമാനം എന്നിവ പ്രകാരം 01.10.2018 മുതൽ തദ്ദേശ സ്ഥാപനങ്ങൾ നൽകുന്ന ജി.എസ്.ടിയിന്മേൽ 2 ശതമാനം ടി.ഡി.എസ് ഈടാക്കേണ്ടതാണ്. തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ 8.3.19 ലെ നം. ഡി.എ1/87/2019 ത.സ്വ.ഭ.വ. സർക്കുലർ പ്രകാരം ഐ.സി.ഡി.എസ് സൂപ്പർവൈസർ നിർവ്വഹണം പ്രോജക്റ്റുകൾക്കുള്ള വാങ്ങലുകളിന്മേൽ 2% ടി.ഡി.എസ് ഈടാക്കി , ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ GSTIN ലേക്ക് തുക ഒടുക്കുവാൻ നിർദ്ദേശം നൽകിയിട്ടുമുണ്ട്. എന്നാൽ ഐ.സി.ഡി.എസ് സൂപ്പർവൈസർ നിർവ്വഹണം നടത്തിയ അനുപൂരക പോഷകാഹാര വിതരണം പ്രോജക്റ്റ് പ്രകാരമുള്ള വാങ്ങലുകളിന്മേൽ പവിത്രം കുടുംബശ്രീ യൂണിറ്റ്, അഴിയന്നൂർ, കടമ്പഴിപ്പുറം (GSTIN-32AAPFP 9320BIZG) എന്ന സ്ഥാപനത്തിൽ നിന്നും 2% ടി.ഡി.എസ് ഈടാക്കിയിട്ടില്ല. പ്രോജക്റ്റിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജക്റ്റ് | 10/20 അനുപൂരക പോഷകാഹാരം (ജനറൽ) |
|---|---|
| അടങ്കൽ | വികസന ഫണ്ട് 800000 |
| | കേന്ദ്ര വിഹിതം 400000 |
| | ആകെ 1200000 |
| ചെലവ് | വികസന ഫണ്ട് 800000 |
| | കേന്ദ്ര വിഹിതം 235577 |
| | ആകെ 1035577 |
| നിർവ്വഹണം | ഐ സി ഡി എസ് സൂപ്പർവൈസർ |

ചെലവിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു .

| ക്രമ നം. | ബിൽ നമ്പർ & തീയതി | തുക | ഇൻവോയിസ് നമ്പർ/തീയതി | അമൃതംഫുഡ്സ് @ 70/ K G | തുക |
|---|---|---|---|---|---|
| 1 | 02/07.07.19 | 259010 | 133/12.04.19 | 619.5 | 43365 |
| | | | 141/24.05.19 | 553 | 38710 |
| | | | 152/21.06.19 | 510 | 35700 |
| 2 | 03/16.08.19 | 87721 | 157/22.07.19 | 602 | 42140 |
| 3 | 04/31.10.19 | 265704 | 164/26.08.19 | 609 | 42630 |
| | | | 168/29.09.19 | 633.5 | 44345 |
| | | | 175/24.10.19 | 633.5 | 44345 |
| 4 | 09/14.02.20 | 109290 | 180/28.11.19 | 546 | 38220 |
| | | | 183/26.12.19 | 591 | 41370 |
| കേന്ദ്ര വിഹിതം | | | | | |
| 5 | ചെക്ക് നം. 1449888/27.03.20 | 202081 | 189/24.02.20 | 609 | 42630 |
| | | | 192/20.03.20 | 714 | 49980 |
| | | | | ആകെ | 463435 |
| ഈടാക്കേണ്ടിയിരുന്ന നികുതി | | | CGST @ 1% | | 4634 |
| | | | SGST 1% | | 4634 |
| | | | | ആകെ | 9268 |

ജി.എസ്.ടി തുക ഉൾപ്പെടുത്തിയിട്ടുള്ള ബില്ലുകളാണ് സ്ഥാപനം നൽകിയിട്ടുള്ളത് . മേൽ ഇൻവോയ്സുകൾക്ക് പണം നൽകിയ വേളയിൽ 2% ടി.ഡി. എസ് ഈടാക്കാതെ ജി.എസ്.ടി തുക പൂർണ്ണമായും സപ്ലൈയർക്ക് അനുവദിച്ചതിന് വിശദീകരണം ലഭ്യമാക്കുന്നതിനും, സപ്ലൈയർ ജി.എസ്.ടി തുക അടവാക്കിയ രേഖകളുടെ പകർപ്പ് ലഭ്യമാക്കുന്നതിനും നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.04/15.11.2021) സപ്ലൈയർ ജി.എസ്.ടി തുക അടവാക്കിയ റിട്ടേണുകൾ ഹാജരാക്കുകയും, അടുത്ത പ്രവശ്യം മുതൽ സ്രോതസിൽനിന്നും നികുതി കിഴിവ് ചെയ്യുന്നതാണെന്ന് മറുപടി നൽകുകയും ചെയ്തിട്ടുണ്ട്.

ഓഡിറ്റ് നിർദ്ദേശങ്ങൾ

* ബിൽ തുക അനുവദിക്കുമ്പോൾ തന്നെ നികുതികൾ കുറവ് ചെയ്തിട്ടുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

തുടർ നടപടികളുടെ വിവരം അറിയിക്കേണ്ടതാണ്.

## 1-16 തെരുവു നായ്ക്കളുടെ പ്രജനന നിയന്ത്രണ പദ്ധതി- വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല

തെരുവ് നായ പ്രജനന നിയന്ത്രണ പദ്ധതിയ്ക്കായി പാലക്കാട് ജില്ലാ പഞ്ചായത്തും, വിവിധ ഗ്രാമപഞ്ചായത്തുകളും നഗരസഭകളും സംയുക്തമായി നടപ്പിലാക്കുന്ന പ്രോജക്റ്റ് ആണ് ഇത്. ആയതിലേക്കായി പൂക്കോട്ടുകാവ് ഗ്രാമപഞ്ചായത്ത് നൽകിയ തുകകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രോജക്റ്റ് നമ്പറും പേരും | 27/20- തെരുവു നായ്ക്കളുടെ പ്രജനന നിയന്ത്രണ പദ്ധതി |
| അടങ്കൽ | 100,000 (വികസന ഫണ്ട്) |
| ചെലവ് | ₹.100,000 |

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വെറ്ററിനറി സർജ്ജൻ |

തെരുവ് നായ പ്രജനന നിയന്ത്രണ പദ്ധതിയ്ക്കായി പാലക്കാട് ജില്ലാ പഞ്ചായത്തിലേക്ക് പൂക്കോട്ടുകാവ് ഗ്രാമപഞ്ചായത്തിന്റെ വിഹിതമായ ₹.1,00,000/- വെറ്ററിനറി സർജ്ജൻ കൈമാറിയിയിട്ടുണ്ട്. ഒരു നായയെ വന്ധ്യംകരിക്കുന്നതിന് 1500 രൂപയാണ് ജില്ലാ പഞ്ചായത്ത് ചെലവ് കണക്കാക്കിയിട്ടുള്ളത്. ഈ കണക്കനുസരിച്ച് ഗ്രാമപഞ്ചായത്തിലെ 66 നായ്ക്കളെയെങ്കിലും വന്ധ്യംകരിക്കേണ്ടതാണ്. തെരുവ് നായ പ്രജനന നിയന്ത്രണ പദ്ധതി (എ.ബി.സി പ്രോഗ്രാം) യ്ക്കായി പാലക്കാട് ജില്ലാ പഞ്ചായത്തിലേക്ക് തുക കൈമാറിയതിന്റെ വിനിയോഗ സാക്ഷ്യപത്രം, പ്രസ്തുത പദ്ധതിയിലൂടെ നായ്ക്കളെ വന്ധ്യംകരിച്ചതിന്റെ വിശദാംശങ്ങൾ എന്നിവ ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.07/18.11.2021) വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുന്നതിന് ജില്ലാ പഞ്ചായത്തിന് കത്ത് നൽകിയിട്ടുണ്ടെന്നും, കോവിഡ് 19 മൂലം പ്രസ്തുത പദ്ധതി താല്ക്കാലികമായി നിർത്തിവെച്ചിരിക്കുകയാണെന്നും പ്രവൃത്തി പൂർത്തീകരിക്കുന്ന മുറയ്ക്ക് നൽകുന്നതാണെന്നും ജില്ലാ പഞ്ചായത്ത് അറിയിച്ചിട്ടുണ്ടെന്നും, ആയത് ലഭ്യമാകുന്ന മുറയ്ക്ക് പരിശോധനയ്ക്ക് ഹാജരാക്കുന്നതാണെന്ന് മറുപടി നൽകിയിട്ടുണ്ട്. തുടർ നടപടികളുടെ വിവരം അറിയിക്കേണ്ടതാണ്.

ഓഡിറ്റ് നിർദ്ദേശങ്ങൾ

* പ്രവൃത്തികളുടെ സമയ ബന്ധിത പൂർത്തീകരണം ഉറപ്പുവരുത്തേണ്ടതാണ്.

## 1-17 ഗ്രാമ സഭ

1)ഗ്രാമ പഞ്ചായത്തിന്റെ പ്രവർത്തന പരിധിയിൽ ഉൾപ്പെടുന്ന 13 വാർഡുകളിലെ ഗ്രാമ സഭകളിൽ ജനപങ്കാളിത്തം ഉറപ്പ് വരുത്തുവാനായി പഞ്ചായത്ത് സംഘടിപ്പിച്ച് വരുന്ന പ്രചരണം :

നൊട്ടീസ് ബോർഡിൽ പ്രദർശിപ്പിക്കുകയും, നൊട്ടീസുകൾ അച്ചടിച്ച് വിതരണം ചെയ്തും വരുന്നു.

2)ഒരു സാമ്പത്തിക വർഷത്തിൽ ശരാശരി 3 ഗ്രാമസഭകൾ കൂടുന്നുണ്ട്.

4)ഗ്രാമ പഞ്ചായത്തിന്റെ പരിധിയിൽ ഉൾപ്പെടുന്ന 13 വാർഡുകളിലുള്ള ആകെ അംഗസംഖ്യയുടെ 10% ക്വോറം യോഗത്തിൽ ചേരുന്നുണ്ട്.

5)ഗ്രാമ സഭാ യോഗം വിളിച്ച് കൂട്ടുന്നതിന്റെ ചുമതല വഹിക്കുന്ന ഉദ്യോഗസ്ഥർ - പ്രസിഡന്റും, സെക്രട്ടറിയും.

6)ഗ്രാമസഭയിൽ പങ്കെടുക്കുന്നവർക്കുള്ള വ്യക്തിഗത ആനുകൂല്യം നൽകുന്നതിനായി വിവര ശേഖരണം നടത്തി മുൻഗണനാക്രമത്തിൽ ഗുണഭോക്താക്കളെ തെരഞ്ഞെടുത്ത് പട്ടിക തയ്യാറാക്കി വരുന്നുണ്ട്. വ്യക്തിഗത ആനുകൂല്യം പൂർണ്ണമായി നല്കുന്നത് വരെ ഗുണഭോക്തൃ പട്ടിക നില നിൽക്കുന്നുണ്ട്.

7)തെരഞ്ഞെടുത്ത ഗുണഭോക്തൃ പട്ടികയിലുള്ള വ്യക്തികൾക്ക് മറ്റ് സ്രോതസ്സുകളിൽ നിന്നും ആനുകൂല്യം ലഭ്യമാവുന്ന സാഹചര്യത്തിൽ അനർഹരായി പരിഗണിക്കപ്പെടുന്നവരെ പഞ്ചായത്ത് ഭരണസമിതി തീരുമാന പ്രകാരമാണ് ഒഴിവാക്കപ്പെടുന്നത്.

അനർഹരായവരുടെ വിശദവിവരങ്ങൾ ഗ്രാമസഭയിൽ അവതരിപ്പിക്കാറില്ല.

ഓഡിറ്റ് നിർദ്ദേശം

ഭാവിയിൽ തെരഞ്ഞെടുത്ത ഗുണഭോക്താക്കളെ അനർഹരായി പരിഗണിക്കുമ്പോൾ ഗുണഭോക്തൃ പട്ടികയിലുള്ള മുൻഗണനാക്രമം മാറുമെന്നതിനാൽ ഗ്രാമസഭയിൽ അവതരിപ്പിച്ച് അംഗീകാരം ലഭ്യമാക്കേണ്ടതാണ്.

## 1-18 MGNREGS മെറ്റീരിയൽ പർച്ചേസ് -സപ്ലൈയറിൽ നിന്ന് നികുതികൾ ഈടാക്കി അടവാക്കിയിട്ടില്ല.

ഗുഡ്സ് & സർവ്വീസ് ആക്ട് 2017 ലെ സെക്ഷൻ 51, 21.07.2018 ലെ 28-ാം ജി.എസ്.ടി കൗൺസിൽ തീരുമാനം,

കേന്ദ്ര ധനകാര്യ മന്ത്രാലയം- റവന്യൂ വകുപ്പിന്റെ 14.9.2018 ലെ സർക്കുലർ നം 65/39/2018/DOR , സർക്കാർ ഉത്തരവ് (പി)162/2018/ധനം തീയതി 22.10.2018 എന്നിവ പ്രകാരം 1.10.2018 മുതൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ 2.5 ലക്ഷം രൂപയ്ക്ക് മുകളിലുള്ള വാങ്ങലുകളുടെ കാര്യത്തിൽ 2% ജി.എസ്.ടി - ടി.ഡി.എസ് ഈടാക്കുവാൻ നിർദ്ദേശിച്ചിട്ടുണ്ട്. കൂടാതെ തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 08.03.19 ലെ നം.ഡി.എ1/87/2019 ത.സ്വ.ഭ.വ സർക്കുലർ പ്രകാരം നിർവ്വഹണ ഉദ്യോഗസ്ഥർ നടത്തുന്ന പ്രോജക്റ്റുകൾക്കുള്ള വാങ്ങലുകളിന്മേൽ 2% ടി.ഡി.എസ് ഈടാക്കി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ GSTIN ലേക്ക് തുക ഒടുക്കുവാൻ നിർവഹണ ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നല്കിയിട്ടുമുണ്ട്. ആദായ നികുതി നിയമം 194 സി പ്രകാരം 1,00,000/- രൂപയിൽ കൂടുതൽ വരുന്ന കരാർ പ്രവർത്തികൾക്ക് സപ്ലെയർ / കരാറുകാരിൽ നിന്ന് ആദായ നികുതി (@1%) ഈടാക്കണമെന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ 2019-20 സാമ്പത്തിക വർഷത്തിൽ MGNREGS മെറ്റീരിയൽ പ്രവർത്തികൾക്കായി ടെണ്ടർ മുഖാന്തിരം (കരാർ നം.04/19-20തീ.03.08.2019) സാധനങ്ങൾ സപ്ലൈ ചെയ്ത ശ്രീകുമാർ, വില്ലംകണ്ടത്തിൽ,കല്ലുവഴി തിരുവാഴിയോട് (GSTIN NO :32BLRPS 5126C1Z4) വിവിധ പ്രവർത്തികൾക്കായി സാധനങ്ങൾ സപ്ലൈ ചെയ്തതായി ടിയാന്റെ ലെറ്റർപാഡിൽ അളവ്, തുക എന്നിവ രേഖപ്പെടുത്തി സമർപ്പിക്കുകയും, ആയതു പ്രകാരം ടിയാന് തുക നൽകുകയുമാണ് ചെയ്തിട്ടുള്ളത്. GST രജിസ്ട്രേഷൻ ഉള്ള വ്യക്തി GST ബാധകമായ സാധനങ്ങൾ സപ്ലൈ ചെയ്യുമ്പോൾ GSTരേഖപ്പെടുത്തിയ ബില്ലുകൾ നൽകേണ്ടതാണ്. ടിയാനിൽനിന്നും ആദായ നികുതി (@1%)വും, ചരക്ക് സേവന നികുതി 2% വും (1% CGST + 1% SGST) എന്നിവ ഈടാക്കി സർക്കാരിലേക്ക് അടവാക്കിയതായികാണുന്നില്ല. (രണ്ടര ലക്ഷത്തിൽ അധികരിച്ച വരുന്ന കോൺട്രാക്റ്റുകളിൽ നിന്ന് സോഴ്സിൽ തന്നെ 2% കുറവ് ചെയ്ത് അടവാക്കാൻ നിർവ്വഹണോദ്യോഗസ്ഥൻ ബാദ്ധ്യസ്ഥനാണ് )

മെറ്റീരിയൽ പർച്ചേസ് വിവരം ചുവടെ ചേർക്കുന്നു.

| പ്രവൃത്തിയുടെ പേര് | എം ബുക്ക് | മെറ്റീരിയൽസ് തുക |
|---|---|---|
| മലഞ്ചെരുവ് റോഡ് കോൺക്രീറ്റ് | 137/18-19 | 155228 |
| മണ്ണൂർക്കുണ്ട് റോഡ് കോൺക്രീറ്റ് | 157/18-19 | 155228 |
| ഇ.എം.എസ് റോഡ് മുതൽ പുത്തൻകുളം പാടം റോഡ് കോൺക്രീറ്റ് | 87/18-19 | 74629 |
| കല്ലാട്ടിൽ പാടം റോഡ് കോൺക്രീറ്റ് | 23/20 | 358220 |
